## 2020-21 ലേക്ക് കേരള സർക്കാരിന്റെ ചെലവുകൾക്ക് വേണ്ടിയുള്ള ധനാഭ്യർത്ഥന

## അവതരണക്കുറിപ്പ്

മൂന്ന് വാല്യങ്ങളുള്ള ഈ പുസ്തകത്തിൽ 2020-21-ലെ ചെലവുകളെ സംബന്ധിക്കുന്ന ധനാഭ്യർത്ഥനകളാണ് ഉൾക്കൊള്ളുന്നത്. ചെലവുകളിൽ കിഴിവായി കാണിച്ചിട്ടുള്ള ഈടാക്കലുകൾ കണക്കിലെടുക്കാതെയുള്ള മൊത്തം തുകകൾക്കാണ് ഈ ധനാഭ്യർത്ഥനകൾ. ചെലവുകളിൽ കിഴിവ് വരുത്തിയിട്ടുള്ള തുകകളുടെ വിശദവിവരങ്ങൾ ഓരോ മേജർ ഹെഡ്ഡിന്റെയും സംഗ്രഹത്തിൽ കൊടുത്തിട്ടുണ്ട്.

2. സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിന്മേൽ ചാർജ് ചെയ്യുന്ന ചെലവുകളുടെ അടങ്കലുകൾ ഈ വാല്യത്തിൽ ബന്ധപ്പെട്ട ഹെഡ്ഡുകളിൽ 'ചാർജ്ജ് ചെയ്തത്' എന്ന് വേർതിരിച്ച് കാണിച്ചിരിക്കുന്നു.

3. മേജർ ഹെഡ്ഡുകളനുസരിച്ചാണ് ചെലവുകൾ തരംതിരിച്ച് കാണിച്ചിട്ടുള്ളത്. വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റിലെ സംഖ്യകൾ അപ്രകാരമുള്ള മേജർ ഹെഡ്സ് അനുസരിച്ചാണ് കൊടുത്തിട്ടുള്ളത്. ഓരോ മേജർ ഹെഡ്ഡിന്റെയും മൊത്തമായും തനിയായും വരുന്ന ആകെ തുകകൾ ഈ വാല്യത്തിൽ യഥാസ്ഥാനങ്ങളിൽ കൊടുത്തിട്ടുണ്ട്.

4. മേജർ ഹെഡ്ഡുകൾ, സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളായ വിദ്യാഭ്യാസം, ആരോഗ്യം, കൃഷി തുടങ്ങിയവയെ സൂചിപ്പിക്കുന്നു. ഓരോ മേജർ ഹെഡ്ഡിന്റെ കീഴിലും, ആ പ്രത്യേക പ്രവർത്തനത്തിൻ കീഴിൽ വരുന്ന പ്ലാനിൽപ്പെട്ടതും പ്ലാനിൽപ്പെടാത്തതും ആയ വിവിധ പരിപാടികളെ സൂചിപ്പിക്കുന്ന മൈനർ ഹെഡ്ഡുകളുണ്ട്. മൈനർ ഹെഡ്ഡുകൾക്ക് താഴെ ഓരോ പരിപാടിയിലും വരുന്ന പദ്ധതികളെയോ പരിപാടികളെയോ സൂചിപ്പിക്കുന്ന സബ് ഹെഡ്ഡുകളുണ്ട്. ശമ്പളം, യാത്രാപ്പടി, പി.ഒ.എൽ, മുതലായ ചെലവിനങ്ങൾ ഓരോ സബ് ഹെഡ്ഡിനു താഴെയും ഡീറ്റെയ്ൽഡ് ഹെഡ്ഡുകളായി കാണിച്ചിരിക്കുന്നു. ശമ്പളം, വേതനം, ഓഫീസ് ചെലവുകൾ, യാത്രാ ചെലവുകൾ, മോട്ടോർ വാഹനങ്ങൾ, എന്നീ ഡീറ്റെയ്ൽഡ് ഹെഡ്ഡുകളിൽ വരുന്ന വിവിധയിനം ചെലവുകൾ അതത് ഡിറ്റെയ്ൽഡ് ഹെഡ്ഡുകൾക്ക് താഴെ പ്രത്യേക ഒബ്ജക്ട് ഹെഡ്ഡുകളിൽ കാണിച്ചിരിക്കുന്നു. ഓരോ പദ്ധതിക്കും വേണ്ടി പ്ലാൻ വിഭാഗത്തിലും നോൺ പ്ലാൻ വിഭാഗത്തിലും വകയിരുത്തിയിട്ടുള്ള തുകകൾ അടുത്തടുത്തായി കാണിച്ചിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ബജറ്റ് വിഹിതം, ബന്ധപ്പെട്ട മേജർ ഹെഡ്ഡുകൾക്ക് കീഴെ '191-മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം', '192-മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം', '196-ജില്ലാപഞ്ചായത്തുകൾക്കുള്ള ധനസഹായം', '197-ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം', '198-ഗ്രാമ പഞ്ചായത്തുകൾക്കുള്ള ധനസഹായം' എന്നീ മൈനർ ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

5. 01.04.1987 മുതൽ അക്കൗണ്ട് ഹെഡ്ഡുകളുടെ ഒരു പുതിയ കോഡ് സംവിധാനം നിലവിൽ വന്നു. മേജർ ഹെഡ്ഡുകൾക്ക് നാലക്ക അറബി നമ്പർ കോഡുകളും സബ് മേജർ ഹെഡ്ഡുകൾക്ക് 2 അക്ക നമ്പർ കോഡുകളും മൈനർ ഹെഡ്ഡുകൾക്ക് 3 അക്ക നമ്പർ കോഡുകളും സബ് ഹെഡ്ഡുകൾക്ക് 2 അക്ക കോഡുകളും നൽകിയിരിക്കുന്നു. സബ് ഹെഡ്ഡുകളുടെ കോഡ് സംവിധാനം '99-ൽ ആരംഭിച്ച് അവരോഹണ ക്രമത്തിലാണ് നൽകിയിട്ടുള്ളത്. ഡീറ്റെയ്ൽഡ് ഹെഡ്ഡുകൾക്കാവട്ടെ '01' തുടങ്ങി '99' ൽ അവസാനിക്കുന്ന മാനനീകരണം ചെയ്യപ്പെട്ടതും ഏകീകൃതവുമായ കോഡുനമ്പരുകളാണ് നൽകിയിട്ടുള്ളത്. റവന്യൂ ചെലവിനത്തിലുള്ള മേജർ ഹെഡ്ഡുകൾക്ക് 2011 മുതൽ 3999 വരെയുള്ള കോഡു നമ്പരുകളാണ്. മൂലധനച്ചെലവിനുള്ളവയ്ക്ക് 4011 മുതൽ 5999 വരെയുള്ള കോഡു നമ്പരുകൾ നൽകിയിരിക്കുന്നു. 6001 മുതൽ 6010 വരെയുള്ള കോഡു നമ്പരുകൾ പൊതുക്കടങ്ങൾക്ക് കൊടുത്തിരിക്കുന്നു. വായ്പകളും മുൻകൂറുകളും, സംസ്ഥാനങ്ങൾ തമ്മിലുള്ള കണക്ക്തീർപ്പ്, കണ്ടിജൻസി ഫണ്ടിലേക്കുള്ള നീക്കിവയ്പ് എന്നിവകൾക്കായി 6011 മുതൽ 7999 വരെയുള്ള കോഡു നമ്പരുകളാണ്. അക്കൗണ്ട് ഹെഡ്ഡുകളുടെ പുതിയ കോഡ് സംവിധാനത്തിന്റെ വിശദവിവരങ്ങൾ 2020-2021 ലെ ബഡ്ജറ്റ് വിശദീകരണ പത്രികയിലെ അവതാരികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. ഓരോ പ്രവർത്തനത്തിനും ഓരോ ധനാഭ്യർത്ഥനയാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഒരേ പ്രവർത്തനം സംബന്ധിക്കുന്ന റവന്യൂ കണക്കിലുള്ള ചെലവും, മൂലധനക്കണക്കിലുള്ള ചെലവും വായ്പകളിന്മേലും മുൻകൂറുകളിന്മേലുമുള്ള ചെലവും ഒറ്റ ധനാഭ്യർത്ഥനയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. ഇപ്രകാരം XVIII 'വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും' എന്ന ധനാഭ്യർത്ഥനയ്ക്കു താഴെ '2210- വൈദ്യസഹായ രംഗവും പൊതുജനാരോഗ്യത്തിനുള്ള റവന്യൂ ചെലവും', '4210- വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും സംബന്ധിച്ച മൂലധന ച്ചെലവ്', '6210- വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും സംബന്ധിച്ച വായ്പകളും' ഒരുമിച്ച് കൊടുത്തിരിക്കുകയാണ്. വിവിധ ഇനങ്ങളിലായി ഒരു പ്രത്യേക പ്രവർത്തനത്തിന് ഉണ്ടാകുന്ന ചെലവുകൾ മനസ്സിലാക്കുവാൻ ഇതുമൂലം സാധ്യമാകുന്നു. റവന്യൂ കണക്കും മൂലധനക്കണക്കും തമ്മിലുള്ള ധന:പുനർവിനിയോഗം അവ ഒരേ ധനാഭ്യർത്ഥനയ്ക്ക് കീഴിലായിരുന്നാലും സാധ്യമല്ല. അതുപൊലെ വോട്ടു ചെയ്തതും ചാർജ്ജ് ചെയ്തതുമായ ഇനങ്ങളിലെ വിഹിതങ്ങൾ തമ്മിലുള്ള ധന:പുനർവിനിയോഗവും അനുവദനീയമല്ല. എന്നാൽ ഒരേ ധനാഭ്യർത്ഥനയിലുള്ള മൂലധനഹെഡ്ഡും വായ്പാ ഹെഡ്ഡും തമ്മിലുള്ള ധന:പുനർവിനിയോഗം സാധ്യവുമാണ്.

7. കോളേജുകൾ, ആശുപത്രികൾ മുതലായ കെട്ടിടങ്ങൾക്കുള്ള ചെലവ് ബന്ധപ്പെട്ട മേജർ ഹെഡ്ഡിൽ വകകൊള്ളിക്കുന്നതാണ്. ഇതനുസരിച്ച്, കോളേജ് കെട്ടിടങ്ങൾക്കുള്ള ചെലവുകൾ 2202 പൊതുവിദ്യാഭ്യാസം (റവന്യൂ കണക്ക്) എന്ന കണക്കിനത്തിലോ 4202 വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം സംബന്ധിച്ച മൂലധനച്ചെലവ് എന്ന കണക്കിനത്തിലോ, കെട്ടിടങ്ങളുടെ അടങ്കൽ തുകയുടെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിവിധ തരത്തിലുള്ള പ്രവർത്തനപരമായ മേജർ ഹെഡ്ഡുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കെട്ടിടങ്ങൾക്കുള്ള വകയിരുത്തൽ സംബന്ധിച്ച അടങ്കൽ നിശ്ചയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള അധികാരം ചീഫ് എഞ്ചിനീയർക്ക് തന്നെയായിരിക്കും.

8. ഓരോ ധനാഭ്യർത്ഥനയിലെയും തുകകൾ, 2018-2019-ലെ കണക്കുകൾ, 2019-2020-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്, 2019-2020-ലെ പുതുക്കിയ എസ്റ്റിമേറ്റ്, 2020-2021-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് എന്നീ ശീർഷകങ്ങൾക്ക് താഴെ കാണിച്ചിരിക്കുന്നു.

9. ധനാഭ്യർത്ഥനകളിൽ വകകൊള്ളിച്ചിട്ടുള്ള സ്റ്റാഫിന്റെ വിശദവിവരങ്ങൾ അനുബന്ധം I-ൽ കാണിച്ചിരിക്കുന്നു. അനുബന്ധം II ൽ ധനാഭ്യർത്ഥനയിൽ വക കൊള്ളിച്ചിട്ടുള്ള മരാമത്തുകളുടെ വിവരങ്ങൾ കൊടുത്തിരിക്കുന്നു. ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടുള്ള പ്ലാനിൽപ്പെടുത്തിയിട്ടുള്ള പരിപാടികളുടെ വിശദവിവരങ്ങൾ '13-ാം പഞ്ചവത്സര പദ്ധതി 2017-2022-നാലാം വർഷ പരിപാടി 2020-2021' എന്ന പേരിൽ രണ്ടു വാല്യങ്ങളായി (പരിപാടികളുടെ സ്റ്റേറ്റ്മെന്റുകൾ, സംക്ഷിപ്ത വിവരണം) കൊടുത്തിരിക്കുന്നു. പഞ്ചായത്ത് രാജ്/നഗരപാലികാ സ്ഥാപനങ്ങൾക്കുള്ള വിഹിതങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധം IV എന്ന പേരിലുള്ള പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

10. ഈ പുസ്തകത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ 'ആയിരത്തിലാണ്' കാണിച്ചിട്ടുള്ളത്.